# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3787 — 20-07-2015 ൽ മറുപടിക്ക്

## പുഷ്പലത ടീച്ചറുടെ മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) കുഞ്ചിത്തണ്ണി ഗവ: ഹൈസ്കൂൾ പ്രധാന അധ്യാപികയായിരുന്ന പുഷ്പലത ടീച്ചറുടെ മരണവുമായി ബന്ധപ്പെട്ട് എ.ഡി.പി.ഐ. അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നുവോ; റിപ്പോർട്ടിന്റെ വിശദാംശം നൽകാമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനും സീനിയർ സൂപ്രണ്ടിനും എതിരായി നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്ത പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എ.ഡി.പി.ഐ. അന്വേഷണം നടത്തി ഡി.പി.ഐ.യ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതെ പുതിയതായി ഹിയറിംഗ് നടത്താനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) വിദ്യാഭ്യാസ സെക്രട്ടറി ഹിയറിംഗ് നടത്തി എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ;

**ഉത്തരം**

(എ) നൽകിയിരുന്നു.

13-03-2015 ൽ കുഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളും, ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റും നേരിട്ട് സന്ദർശിച്ച് അന്വേഷണം നടത്തിയതിനു ശേഷം അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ശ്രീ.എം.ഡി.മുരളി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ. കെ.എൻ. ശശിധരനും സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ.പി.എച്ച്. ഇസ്മായിലിനുമെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

(ബി), (സി), (ഡി) & (ഇ)

ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ.പി. എച്ച്. ഇസ്മായിലിനെ നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ 12-03-2015 ലെ വി4/19478/2015/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ. കെ. എൻ.ശശിധരനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ഈ വിഷയത്തിൽ ശ്രീ.കെ.എൻ. ശശിധരൻ, ശ്രീ.പി. എച്ച്. ഇസ്മയിൽ എന്നിവരുടെ സങ്കട ഹർജികൾ വിശദമായി പരിശോധിച്ചതിൽ ഇവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ രാഷ്ട്രീയപ്രേരിതമാണെന്ന്

| | | |
|---|---|---|
| (ഇ) | പുഷ്പലത ടീച്ചർ മരിക്കാനിടയായ സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് ജീവനക്കാർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | ആക്ഷേപം ഉണ്ടായതിനാലും ഇതു സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ, വിദ്യാഭ്യാസ വകുപ്പ് അധികൃതർ നടത്തിയ അന്വേഷണവും ഹെഡ്മിസ്ട്രസ്സിന്റെ മരണവും തമ്മിൽ ബന്ധമില്ലെന്ന് പോലീസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനാലും സർവ്വീസിൽ നിന്നും അടുത്തുതന്നെ വിരമിക്കാനിരുന്ന ടി രണ്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു മുമ്പ് വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവരെ നേരിൽ കേൾക്കുന്നതിനും ശിക്ഷണ നടപടി നിലനിർത്തിക്കൊണ്ട് ശ്രീ.പി.എച്ച് ഇസ്മയിലിനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു. 23-03-2015 ന് ടി ഉദ്യോഗസ്ഥരെയും അന്തരിച്ച ഹെഡ്മിസ്ട്രസ്സിന്റെ ബന്ധുക്കളെയും നേരിൽ കേട്ടതിന്റെ വെളിച്ചത്തിൽ ടി ഉദ്യോഗസ്ഥന്മാർക്ക് ഹെഡ്മിസ്ട്രസ്സിന്റെ മരണത്തിൽ നേരിട്ടോ അല്ലാതെയോ യാതൊരു ബന്ധവുമില്ലെന്ന് കണ്ടെത്തി ഈ രണ്ട് ഉദ്യോഗസ്ഥർക്കെതിരെയും തുടർ നടപടികൾ ആവശ്യമില്ലെന്ന് തിരുമാനിച്ചു. |

സെക്ഷൻ ഓഫീസർ